JAGRATHA 114
Vol-3 No: 39
21 -11-2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# കുടുംബവും മാധ്യമങ്ങളും

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ 2009-2010 വർഷങ്ങളിൽ കുടുംബങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനുമായി നിർദ്ദേശിച്ചിരിക്കുന്ന വിഷയം 'സാമൂഹ്യസമ്പർക്കമാധ്യമങ്ങളും കുടുംബവും' എന്നതാണ്. കുടുംബമൂല്യങ്ങൾ സംരക്ഷിക്കത്തക്കവിധം മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നതാണ് ചിന്താവിഷയം. മാധ്യമയുഗത്തിൽ ജീവിക്കുന്ന നമ്മെ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി സ്വാധീനിക്കുന്നുവെന്നത് സുനിശ്ചിതമാണ്. മനുഷ്യന്റെ എല്ലാ കണ്ടുപിടിത്തങ്ങളുടെയും കാര്യത്തിലെന്നപോലെ സാമൂഹികസമ്പർക്കമാധ്യമങ്ങളെയും നമുക്ക് നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കാം. വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെ ദൈവാനുഗ്രഹമായിട്ടും നമുക്ക് കൈവന്നിരിക്കുന്ന വലിയ അവസരമായിട്ടും വേണം നാം കാണാൻ (cf. inter mirifica, 2). എന്നാൽ, മനുഷ്യൻ നിയന്ത്രിക്കേണ്ട മാധ്യമങ്ങൾ, മനുഷ്യനെ നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമാകുന്നത് അപകടമാണ്. പല സാങ്കേതിക വിദ്യകളുടെയും കാര്യത്തിലെന്നപോലെ മാധ്യമങ്ങൾ മനുഷ്യനെ അടിമപ്പെടുത്തുന്ന സാഹചര്യമാണ് പൊതുവിലുള്ളത്. കുടുംബത്തിലെ എല്ലാ കാര്യങ്ങളും മാധ്യമങ്ങൾ, പ്രത്യേകിച്ച് ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ, കീഴടക്കുന്നു. വീട്ടുജോലി, ഭക്ഷണസമയം, പ്രാർത്ഥന, കുടുംബത്തിലെ ആശയവിനിമയം, യാത്രകൾ, സന്ദർശനങ്ങൾ, അതിഥികളോടുള്ള സമീപനം തുടങ്ങി എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് മാധ്യമങ്ങളായിരിക്കുന്നു.

കുടുംബജീവിതത്തിന് കോട്ടമുണ്ടാകാത്ത വിധത്തിൽ മാധ്യമങ്ങളുടെ ഉപയോഗം ക്രമീകരിക്കുകയെന്ന ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. റ്റി.വി. ഇല്ലാതെ ജീവിക്കാൻ പറ്റാത്ത ഒരവസ്ഥയാണിന്ന് സംജാതമായിരിക്കുന്നത്. ജോലിക്കും പഠനത്തിനുമായി പുറത്തുപോയിട്ട് വൈകുന്നേരം വീട്ടിൽ തിരിച്ചെത്തുന്നവർ ആദ്യം തിരയുന്നത് റ്റി.വി.യുടെ റിമോട്ട് കൺട്രോളാണെന്നത് മിക്ക കുടുംബങ്ങളുടെയും ഗതിയാണ്. സിനിമ, സീരിയൽ, റിയാലിറ്റി ഷോ, കോമഡിഷോ, സ്പോർട്ട്സ് എന്നിവ കാണുന്നതിന് സമയം ചെലവഴിക്കുന്നു. അശ്ലീലതയും അക്രമവും റ്റിവിയിൽ നിരന്തരം പ്രദർശിപ്പിക്കപ്പെടുന്നു. യഥാർത്ഥ മാനുഷികതയ്ക്കും വിവാഹത്തിനും കുടുംബത്തിനും മങ്ങലേല്പിക്കുന്ന സന്ദേശങ്ങളാണ് സീരിയലുകൾ അവതരിപ്പിക്കുന്നത്. ഇത്തരം ചില സീരിയൽ സന്ദേശങ്ങൾക്ക് ഉദാഹരണങ്ങൾ താഴെപ്പറയുന്നവയാണ്. വിവാഹകുടുംബജീവിതങ്ങൾ ദുരന്തപൂർണവും നരകവുമാണ്. അവിഹിതബന്ധങ്ങൾ സർവസാധാരണമാണ്. സ്ത്രീ അബലയും ചപലയും ഉപ

ഭോഗവസ്തുവും എപ്പോഴും സഹിക്കേണ്ടവളും കരയേണ്ടവളും ആണ്. പുരുഷൻ വേട്ടക്കാരനും സ്ത്രീ ഇരയുമാണ്. സമ്പത്തും ഉപഭോഗവുമാണ് ജീവിതവിജയത്തിന്റെ മാനദണ്ഡം. അവ എളുപ്പത്തിലും സൂത്രത്തിലും നേടണം. കുട്ടികൾ ബാധ്യതയും ഭാരവുമാണ്. ഗർഭച്ഛിദ്രം തിന്മയല്ല. ജീവിതപ്രശ്നങ്ങൾ നേരിടാൻ മദ്യമയക്കുമരുന്നുകളാണ് കുറുക്കുവഴി. ലക്ഷ്യം നേടാൻ ഏതു മാർഗവും ഉപയോഗിക്കാം. ഉപദ്രവിച്ചവരോട് പകരം വീട്ടണം. ആരെയും വിശ്വസിക്കാൻ പറ്റില്ല. ഇത്തരം റ്റി.വി. പ്രോഗ്രാമുകൾ അക്രമം, അഴിമതി, ഗുണ്ടായിസം, ലൈംഗികാരാജകത്വം, മദ്യപാനം, നരഹത്യ, ആത്മഹത്യ എന്നിവയുടെ ഒരു ജീർണസംസ്കാരം രൂപം കൊള്ളുന്നതിന് വഴിതെളിക്കുന്നില്ലേ?

വീട് ചന്തയാക്കപ്പെടുന്നുവെന്നതാണ് മാധ്യമങ്ങൾ വരുത്തിവയ്ക്കുന്ന മറ്റൊരു അപകടം. റ്റി.വി.യിൽ ചന്തയിലെന്നപോലെ ഉത്പന്നങ്ങളെക്കുറിച്ചുള്ള പരസ്യങ്ങളുടെ കോലാഹലമാണ് എപ്പോഴും കാണാനും കേൾക്കാനും കഴിയുന്നത്. വീട്ടുപകരണങ്ങൾ, സ്വർണാഭരണങ്ങൾ, വാഹനങ്ങൾ, വസ്ത്രങ്ങൾ, കുട്ടികളുടെ കുട, ബാഗ്, ഭക്ഷണപാനീയങ്ങൾ എന്നിവയുടെ വർണനകൾ അസത്യമായും അതിശയോക്തി കലർത്തിയും അതിഭാവുകത്വത്തോടെയും ഇഷ്ടതാരങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ അവ എളുപ്പത്തിൽ വിശ്വസിക്കുകയും പരസ്യത്തിൽ കണ്ടവ തന്നെ കിട്ടണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്യുന്നു. തങ്ങളുടെ സാമ്പത്തികശേഷി നോക്കാതെതന്നെ, കടം വാങ്ങിച്ചുപോലും, കുട്ടികളുടെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കുന്ന മാതാപിതാക്കൾ കുറച്ചൊന്നുമല്ല. കുടുംബത്തെ ടാർജറ്റ് ചെയ്തുകൊണ്ടാണ് പരസ്യങ്ങൾ എല്ലാം മുന്നേറുന്നത്. അതിൽ വീണുപോകുന്നവർ നിരവധിയുമാണ്. ഗൃഹനാഥന്റെ സന്തോഷം, വീട്ടമ്മയുടെ അധ്വാനലാഭം, കുട്ടികളുടെ വളർച്ച, മുത്തച്ഛന്റെ ആശ്വാസം, അമ്മായിയമ്മയ്ക്ക് സംതൃപ്തി എന്നിവയ്ക്ക് പരസ്യത്തിൽ പറയുന്ന ഉത്പന്നം തന്നെ വേണമെന്നതാണ് സന്ദേശം. അടിസ്ഥാനാവശ്യങ്ങളും മാനസികാവശ്യങ്ങളും മാറ്റി തങ്ങളുടെ ഉത്പന്നത്തിലാണ് സുഖവും സംതൃപ്തിയും എന്ന് വരുത്തിത്തീർക്കുന്നത് എത്രയോ വലിയ വഞ്ചനയാണ്. ആർത്തിയും അസംതൃപ്തിയും വളർത്തി കുടുംബജീവിതത്തെ താറുമാറാക്കുന്ന എത്ര സംഭവങ്ങൾ നമുക്ക് ചുററുമുണ്ട്. ഇവിടെ, പരസ്യഭാഷ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. അതുപോലെ ആവശ്യവും അനാവശ്യവും തിരിച്ചറിയാനും കഴിയണം. എങ്കിലേ യുക്തമായ തിരഞ്ഞെടുപ്പ് സാധിക്കൂ.

സത്യത്തിൽ, പരസ്യം വസ്തുതയ്ക്ക് നിരക്കാത്തതോ മനുഷ്യമഹത്വത്തെ ഹനിക്കുന്നതോ വികാരങ്ങളെ ചൂഷണം ചെയ്യുന്നതോ ആർഭാടവും ധൂർത്തും പ്രോത്സാഹിപ്പിക്കുന്നതോ മനുഷ്യന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്മേൽ കടന്നുകയറ്റം നടത്തുന്നതോ ആയിരിക്കാൻ പാടില്ലാത്തതാണ്. മറിച്ച്, അത് സത്യസന്ധവും സാമൂഹികോത്തരവാദിത്വമുള്ളതുമായിരിക്കണം (cf പരസ്യത്തിലെ സദാചാരം, വത്തിക്കാൻ 1997, ഫെബ്രുവരി 22).

ഇന്ന് ആളുകൾ, പ്രത്യേകിച്ച് കുട്ടികൾ, റ്റി.വി ആസക്തിക്ക് വിധേയരാകുന്നു. ജോലികൊണ്ട് മടുത്ത മാതാപിതാക്കൾ മക്കളോടൊപ്പം സമയം ചെലവഴിക്കാൻ ഊർജ്ജവും സമയവും ഇല്ലാത്തതുകൊണ്ട്, കുഞ്ഞിനെ റ്റി.വി. യുടെ മുമ്പിലിരുത്തി കാർട്ടൂൺ വച്ചുകൊടുക്കുന്നു. കുഞ്ഞ് അതിൽ ലയിക്കുന്നു. റ്റി.വി.യുമായി വൈകാരികബന്ധത്തിലാകുന്ന ഇത്തരം കുഞ്ഞുങ്ങളെക്കുറിച്ച് പറയുന്നത് 'റ്റിവി വളർത്തുന്ന കുഞ്ഞുങ്ങൾ' എന്നാണ്. ഇവർക്ക് ക്രിയാത്മകചിന്തയോ സന്തോഷമോ കളിയോ ആരോഗ്യമോ ഇല്ലെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്. കുട്ടികൾ സാംസ്കാരികവും ധാർമ്മികവും ആത്മീയവുമായി വികസിക്കുന്നതിന് മാധ്യമങ്ങൾ വിമർശനബുദ്ധിയോടെയും വിവേകത്തോടെയും ഉപയോഗിക്കാൻ ചെറുപ്പം മുതൽ പരിശീലിപ്പിക്കപ്പെ

ടണം. ഏത് ഉപേക്ഷിക്കണം, ഏത് തിരഞ്ഞെടുക്കണം എന്ന് വസ്തുനിഷ്ഠമായി വിധിത്തീർപ്പുകൾ നടത്താനുള്ള പ്രാപ്തിയാണ് അവർക്ക് ഉണ്ടാകേണ്ടത്. മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്വമാണ് ഇത് ഉറപ്പാക്കുക എന്നത് (cf.Familiaris Consortio, 76). വൈരൂപ്യവും അശ്ലീലതയും അക്രമവും ഒക്കെ കുട്ടികളുടെ മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും മന്ദീഭവിപ്പിക്കും. അതിനാൽ, സൗന്ദര്യപരവും ധാർമ്മികവും ശ്രേഷ്ഠവുമായ കാര്യങ്ങളോടു താത്പര്യം ഉണ്ടാകാനും സ്വാതന്ത്ര്യത്തോടെ അവ തിരഞ്ഞെടുക്കാനും അവരെ സഹായിക്കാൻ മാതാപിതാക്കൾ ശ്രദ്ധവയ്ക്കണം. അതാണ് അഗാധമായ സന്തോഷം കുട്ടികളിൽ ജനിപ്പിക്കുന്നത്.

സെൻസേഷൻ ജനിപ്പിക്കുന്ന വാർത്താവിതരണരീതിയും വിലയിരുത്തപ്പെടേണ്ടതാണ്. മാധ്യമങ്ങൾ പലപ്പോഴും ഭാഗികസത്യമാണ് നല്കുന്നത്. പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രേക്ഷകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ അവതരിപ്പിക്കുന്നതു വഴി വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടാകുന്ന നാശം വലുതാണ്. ഇങ്ങനെ വാർത്തകൾ അവതരിപ്പിക്കുന്നതിനു പിന്നിൽ സ്ഥാപിതതാത്പര്യങ്ങളും വാണിജ്യ താത്പര്യങ്ങളും രാഷ്ട്രീയ താത്പര്യങ്ങളും സാമ്പത്തിക താത്പര്യങ്ങളും ചാനലുകൾ തമ്മിലുള്ള മത്സരങ്ങളും കാരണമാണ്. വാർത്തയോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ വിഭിന്ന നിലപാടുകൾ അവതരിപ്പിച്ചു സത്യം കണ്ടെത്താനുള്ള മാർഗമാക്കാൻ മാധ്യമ പ്രവർത്തകർ ശ്രമിക്കുന്നതായും കാണുന്നില്ല. ചർച്ച 'ഒരു വിചാരണ'യാകുന്ന അനുഭവവും കുറവല്ല. മാധ്യമ പ്രവർത്തനം മനുഷ്യമഹത്വത്തിനും പൊതുനന്മയ്ക്കും സാർവത്രികമൂല്യങ്ങളായ സത്യത്തിനും നീതിക്കും സ്നേഹത്തിനും വേണ്ടി നിലകൊള്ളേണ്ടതാണ്. ശരിയായ സാംസ്കാരിക സാമൂഹ്യ പുരോഗതിക്ക് അതാവശ്യമാണല്ലോ. മനുഷ്യശാസ്ത്രപരമായ പരിപ്രേക്ഷ്യത്തിലേ മാധ്യമങ്ങളുടെ അർത്ഥവും ലക്ഷ്യവും ഉചിതമായ രീതിയിൽ സഫലമാകുകയുള്ളു. മാധ്യമ പ്രവർത്തനം ഇന്ന് ബിസിനസ്സ് മത്സരമാകുന്നതുകൊണ്ട് അക്രമത്തെ ഉയർത്തുന്നു, മാനുഷികലൈംഗികതയെ നിസ്സാരവത്കരിക്കുന്നു, വിഭാഗിയതകൾ വളർത്തുന്നു, സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഇവയെല്ലാം തീർത്തും തെറ്റാണ്, പരിവർജനീയമാണ്.

ഇന്റർനെറ്റും മൊബൈൽ ഫോണും അറിവിന്റെ വാതായനങ്ങൾ വിശാലമായി തുറക്കുന്നുണ്ടെന്നതു ശരിയാണ്. വ്യക്തിബന്ധങ്ങൾ വളർത്താൻ അവ സഹായങ്ങളുമാകുന്നു. എന്നാൽ, സ്വകാര്യസമ്പർക്ക ഉപകരണങ്ങളായി അവ തരം താഴ്ന്നതോടെ, ശുഷ്കവും സങ്കുചിതവുമായ ബന്ധങ്ങൾ മാത്രമേ വളർത്തപ്പെടുന്നുള്ളൂ എന്ന ദു:ഖസത്യം അവശേഷിക്കുന്നു. ലാന്റ്ഫോൺ പൊതുസ്ഥലത്തായിരുന്നതുകൊണ്ട്, ബന്ധങ്ങളെ വിശാലമാക്കിയിരുന്നു. ഒരു നിയന്ത്രണവും ഉണ്ടായിരുന്നു. കുട്ടികൾക്കു മൊബൈൽ ഫോൺ അത്യാവശ്യമാണോയെന്നു മാതാപിതാക്കൾ ചിന്തിക്കണം. ചാറ്റിംഗും ഓർക്കൂട്ടും സുഹൃത്തുക്കളെ കണ്ടെത്തുവാനും സ്വപ്നങ്ങൾ പങ്കുവയ്ക്കുവാനും സഹായകമാണെങ്കിലും അശ്ലീലതയിലേയ്ക്കും ഭീകരപ്രവർത്തനങ്ങളിലേയ്ക്കും അത് നയിക്കുന്നുണ്ടെന്നത് അവഗണിക്കാനാവില്ല. നന്മയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി ഇന്റർനെറ്റ് സൗകര്യം വീട്ടിൽ എല്ലാവർക്കും വീക്ഷിക്കാവുന്ന സ്ഥലത്ത് സ്ഥാപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

യഥാർത്ഥ കുടുംബമൂല്യങ്ങളും മാനുഷിക മൂല്യങ്ങളും സംരക്ഷിക്കുന്നതിന് മാധ്യമങ്ങളുടെ ഉപയോഗം ചില അവസരത്തിൽ വേണ്ടെന്ന് വയ്ക്കേണ്ടി വരും (TV off day, TV off week,TV off month). റ്റി.വി. ഉപയോഗിക്കുന്നനതിൽ ശിക്ഷണം അനുപേക്ഷണീയമാണ്. പ്രാർത്ഥന, പഠനം എന്നിവയുടെ സമയത്ത് റ്റി.വി. പ്രവർത്തിപ്പിക്കാതിരിക്കാൻ മാതാപിതാക്കൾ ഉത്സാഹിക്കണം. ഗുരുജനങ്ങൾ, പിറ്റി.എ., അധ്യാപകർ എന്നിവർ ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് സഹായകമാകണം. സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഉപയോഗിച്ച് മനുഷ്യൻ മാധ്യമങ്ങളെ നിയന്ത്രിക്കണം. ആത്മനിയന്ത്രണവും മിതത്വവും കൂടാതെ കാതലായ നന്മ

കൾ കൈവരിക്കാൻ നമുക്കാവില്ലെന്നത് ഒരു സത്യമല്ലേ? ഫാമിലി റ്റി.വി. പ്ലാൻ ഉണ്ടാക്കി കുടുംബം കഴിവതും ഒന്നിച്ചിരുന്ന് റ്റി.വി. കാണുകയും അതിനെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക നല്ല മൂല്യങ്ങളുടെ സ്വാംശീകരണത്തിന് ആവശ്യമാണ്. മനുഷ്യജീവിതത്തെ ധന്യമാക്കുന്ന സ്നേഹം, ക്ഷമ, വിട്ടുവീഴ്ച, അധ്വാനം, ലൈംഗികവിശുദ്ധി, മനുഷ്യമഹത്വം എന്നിവ വളർത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്. പ്രശ്നങ്ങൾക്കുള്ള പരിഹാരം മദ്യവും മയക്കുമരുന്നുമല്ലെന്ന് എല്ലാവർക്കും ബോധ്യമാകണം. മനുഷ്യബന്ധവും സ്നേഹവുമാണ് പണത്തെക്കാൾ പ്രധാനമെന്ന കാര്യം ഉറപ്പാക്കപ്പെടണം. വിവാഹ-കുടുംബ സമർപ്പണങ്ങൾ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും ബോധ്യമുണ്ടാകുകയും വേണം. സംരക്ഷിക്കപ്പെടേണ്ട വലിയ മനുഷ്യനന്മകളാണവ. തരംതാണതും മലീമസവുമായ, വിദ്വേഷവും വിഭാഗിയതയും പോഷിപ്പിക്കുന്ന, പ്രോഗ്രാമുകൾ മാധ്യമങ്ങൾ അവതരിപ്പിക്കുമ്പോൾ അവയ്ക്കെതിരേ ക്രിയാത്മകമായി പ്രതികരിക്കാൻ കുടുംബങ്ങൾ തയ്യാറാവുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. 2010-ൽ എല്ലാ ഇടവകകളിലും മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾക്കുവേണ്ടി സെമിനാറും പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചയും നടത്തണം. കുടുംബകൂട്ടായ്മകളിൽ (BCC) ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നതും ഉചിതമാണ്.

ഇത്തരുണത്തിൽ ഒരു വിഷയത്തെക്കുറിച്ച്, നാം നടത്തുന്ന വിവാഹ ഒരുക്കസെമിനാറിനെക്കുറിച്ച്, ചില കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. എല്ലാ രൂപതകളും ഗൗരവപൂർവം സംഘടിപ്പിക്കുന്ന ഒരു പരിപാടിയാണ് വിവാഹത്തിനു ഒരുക്കമായുള്ള സെമിനാർ. ഏവരുടെയും പ്രശംസയും അംഗീകാരവും അതിനുണ്ട്. മൂന്നുദിവസം നീണ്ടുനില്ക്കുന്ന ഒരു റസിഡൻഷ്യൽ കോഴ്സായിട്ട് അത് നടത്തണമെന്നാണ് പൊതുനിർദ്ദേശം. വിവാഹാലോചനകൾക്കു മുൻപേ തന്നെ അതിൽ പങ്കെടുക്കാൻ യുവതീയുവാക്കൾ ശ്രദ്ധിക്കണം. പ്രാർത്ഥനാപൂർവം കുർബാന, കുമ്പസാരം എന്നിവയോടെയും പൊതുവിൽ അംഗീകരിച്ചിട്ടുള്ള സിലബസ്സോടെയും കോഴ്സുകൾ നടത്തണം. വിദേശത്തുനിന്നുകൊണ്ടുവരുന്ന സർട്ടിഫിക്കറ്റുകൾ മൂന്നു ദിവസം നീണ്ടുനില്ക്കുന്ന കോഴ്സിന്റേത് ആയിരിക്കണം. അവിടുത്തെ രൂപതയുടെ അംഗീകാരവും പൊതുവായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിട്ടുള്ളവയും ആയിരിക്കണം. മൂന്നു ദിവസം നീണ്ടു നില്കുന്ന കോഴ്സിൽ ഒരിക്കൽ പങ്കെടുത്തവരെ വീണ്ടും കൂടാൻ നിർബന്ധിക്കേണ്ടതില്ല. വികാരിയച്ചന്മാർ നമസ്കാരം കേൾക്കുന്നതും ഉപദേശം കൊടുക്കുന്നതും ഉപേക്ഷിക്കരുതെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. +1, +2 കാലഘട്ടത്തിൽ കുമാരീകുമാരന്മാർക്ക് ലൈഫ് ഗൈഡൻസ് കോഴ്സുകളും ആസൂത്രണം ചെയ്ത് നടപ്പാക്കണം. വിവാഹിതർക്ക്, പ്രത്യേകിച്ച് യുവദമ്പതികൾക്ക്, ദാമ്പത്യ പോഷകസെമിനാറുകൾ കൂടെക്കൂടെ സംഘടിപ്പിക്കുക ആവശ്യമാണ്. കുടുംബങ്ങൾ വിവിധതലങ്ങളിൽ നിന്ന്, പ്രത്യേകിച്ച് മാധ്യമങ്ങളിൽ നിന്ന്, നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇക്കാലഘട്ടത്തിൽ കുടുംബ പ്രേഷിതപ്രവർത്തനം ഊർജ്ജിതമാക്കാൻ എല്ലാവരും പരിശ്രമിക്കണം. തിരുക്കുടുംബത്തിന്റെ മാതൃക നമുക്ക് പ്രചോദനവും മധ്യസ്ഥത നമുക്ക് ശക്തിയുമാകട്ടെ. എല്ലാ നന്മകളും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്,

**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ,**
**ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ**